(ബി&സി) 12-ാം പഞ്ചവത്സര പദ്ധതിയിൽ On Farm Water Management (OFWM) എന്ന സ്കീമിൽ ഉൾപ്പെടുത്തിയാണ് മൈക്രോ ഇറിഗേഷൻ പദ്ധതി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കിവരുന്നത്. മൈക്രോ ഇറിഗേഷൻ പദ്ധതിക്കായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ അനുവദിച്ച തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

വർഷം	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	സംസ്ഥാന സർക്കാർ പ്രത്യേക ധനസഹായം (മലപ്പുറം,പാലക്കാട്, കണ്ണൂർ,കാസർഗോഡ് ജില്ലകൾക്ക്)
		(തുക ലക്ഷം രൂപയിൽ)	
2014-15	375.00 (35%)	97.5 (10%)	79.09 (15%)
2015-16	85.62 (27%)	--	--
ആകെ	460.62	97.5	79.09

സംസ്ഥാനത്താകെ മൈക്രോ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 623.9 ഹെക്ടറിൽ ഡ്രിപ്പ് ഇറിഗേഷനും 508.83 ഹെക്ടർ സ്ഥലത്ത് സ്പ്രിംഗ്ളർ ഇറിഗേഷനും സ്ഥാപിച്ചിട്ടുണ്ട്.

ജലസേചന വകുപ്പിന്റെ അണക്കെട്ടുകളുടെ സംരക്ഷണം

149 (2429) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിന്റെ അണക്കെട്ടുകളുടെ സംരക്ഷണത്തിനായി എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആയത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ അണക്കെട്ടുകളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പാക്കുന്നതിലേക്കായി കേരള ഡാം സുരക്ഷ അതോറിറ്റി (Kerala Dam Safety Authority) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനാതിർത്തിക്കുള്ളിൽ (മുല്ലപ്പെരിയാർ ഡാം ഒഴികെ) സ്ഥിതി ചെയ്യുന്ന അണക്കെട്ടുകളുടെ സുരക്ഷ വിലയിരുത്തുക, പരിശോധനകൾ നടത്തുക, സംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, അണക്കെട്ടുകളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ആവശ്യമായ മുൻകരുതലുകൾ എടുക്കുവാൻ നിർദ്ദേശങ്ങൾ നൽകുക എന്നീ ചുമതലകൾ ഡാം സുരക്ഷ അതോറിറ്റി നിർവ്വഹിച്ചുവരുന്നു. ജലസേചനവകുപ്പിന്റെ അണക്കെട്ടുകളുടെ സംരക്ഷണത്തിനായി എല്ലാ വർഷവും ഡാം സേഫ്റ്റി ഓർഗനൈസേഷനും പരിശോധനകൾ നടത്താറുണ്ട്. ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ നേതൃത്വത്തിൽ നടത്തുന്ന പരിശോധനകളിൽ അണക്കെട്ടുകളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 16 അണക്കെട്ടുകളുടെ പുനരുദ്ധാരണത്തിനും അഭിവൃദ്ധിപ്പെടുത്തലിനുമായി ലോകബാങ്ക് സഹായത്തോടെ "ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട്" (DRIP) എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകളുടെ നവീകരണവും പുനരുദ്ധാരണവും നടത്തുക, സുരക്ഷ ഉറപ്പാക്കുക, അറ്റകുറ്റപ്പണികൾ നടത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് മേൽ സൂചിപ്പിച്ച പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) ജലസേചന വകുപ്പിലെ അണക്കെട്ടുകളുടെ സംരക്ഷണവും സുരക്ഷയും മുൻനിർത്തി "ഡ്രിപ്പ്" പദ്ധതി നടപ്പാക്കുന്നതിലേക്കായി 360 (മുന്നൂറ്റി അറുപത് കോടി രൂപ മാത്രം) കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി അവലോകനം ചെയ്യുന്നതിനും പുരോഗതി ഉറപ്പാക്കുന്നതിനും ഐ.ഡി.ആർ.ബി. വിഭാഗത്തിൽ പ്രത്യേക പദ്ധതി നിർവ്വഹണ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. "ഡ്രിപ്പ്" പദ്ധതിയുടെ പുരോഗതി സർക്കാർ തലത്തിൽ വിലയിരുത്തുകയും പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.